# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2442 05.11.2019- ൽ മറുപടിക്ക്

**പ്രളയത്തിൽ തകർന്നുപോയ ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ. ആശ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പ്രളയത്തിൽ തകർന്നുപോയ ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | എ) | ദുരന്ത നിവാരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഉജ്ജീവന സഹായ പദ്ധതി, വ്യവസായ വകുപ്പ് മുഖേന നടത്തി വരുന്ന ഇന്ററസ്റ്റ് സബ് വെൻഷൻ ടു ഫ്ലഡ് അഫക്ടഡ് എം.എസ്.എം.ഇഎസ്, അസിസ്റ്റൻസ് ടു റീബിൽഡ് ഫ്ലഡ് അഫക്ടഡ് എം.എസ്.എം.ഇഎസ് എന്നീ പദ്ധതികൾ മുഖേന പ്രളയത്തിൽ തകർന്ന ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം നടത്തിവരുന്നു. |
| ബി) | അസിസ്റ്റൻസ് റ്റു റീബിൽഡ് അഫക്ടഡ് എം.എസ്.എം.ഇ.എസ്. എന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | ബി), സി) & ഡി) | വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിച്ച് ഉല്പാദനക്ഷമമാക്കുന്നതിനു നടത്തി വരുന്ന അസിസ്റ്റൻസ് ടു റീബിൽഡ് ഫ്ലഡ് അഫക്ടഡ് എം.എസ്.എം.ഇഎസ് എന്ന പദ്ധതിപ്രകാരം 44 അപേക്ഷകൾ പ്രളയം ബാധിച്ചിട്ടുള്ള പതിമൂന്നു ജില്ലാ വ്യവസായ കേന്ദ്രങ്ങളിലുമായി ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം കൈപിടിച്ചുയർത്തപ്പെട്ടതും പ്രവർത്തനക്ഷമമായതുമായ വ്യവസായങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | | |
| ഡി) | വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിച്ച് ഉത്പാദനക്ഷമമാക്കുന്നതിന് നല്കിയ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ എന്തെല്ലാം; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ